ഹദീസ്

അബ്ദുർറശീദ് നദ്‌വി

# ചികിത്സയും രോഗി സന്ദർശനവും

عَنْ ذَكْوَان ، عَنْ رَجل مِن الأَنْصَار ، قَالَ : عَادَ رَسُول الله صَلّى الله عَلَيْهِ وَسَلَّم رَجلًا بِهِ جُرْح، فَقَالَ رَسُول الله صَلّى الله عَلَيْهِ وَسَلَّم : ادْعُوا لَهُ طَبِيب بَنِي فُلَان . قَالَ: فَدَعُوْهُ فَجَاءَ، فَقَالَ: يَا رَسُولَ الله! وَيُغْنِي الدَّوَاءُ شَيْئًا ؟ فَقَالَ : سُبْحَانَ الله ؟ وَهَلْ أَنْزَلَ الله مِنْ دَاءٍ فِي الأَرْضِ إلا جَعَلَ لَهُ شِفَاءً.

**അൻസ്വാരികളിൽപെട്ട ദക്‌വാൻ പറഞ്ഞു: നബി(സ) പരിക്ക് പറ്റിയ ഒരാളെ സന്ദർശിച്ചു. ആ സന്ദർഭത്തിൽ അവിടുന്ന് പറഞ്ഞു: 'ഇന്ന ഗോത്രക്കാരനായ ആ വൈദ്യനെ വിളിച്ചുകൊണ്ടുവരൂ.' വിളിക്കാൻ അവർ ആളെ ഏർപ്പാടാക്കി, വൈദ്യൻ വരികയും ചെയ്തു. അവർ ഇങ്ങനെ ചോദിച്ചു: 'ദൈവദൂതരേ, മരുന്നുകൊണ്ട് വല്ല പ്രയോജനവുമുണ്ടാവുമോ!' അവിടുന്ന് ആശ്ചര്യത്തോടെ ചോദിച്ചു: 'സുബ്ഹാനല്ലാ! പ്രതിവിധി നിശ്ചയിക്കാത്ത വല്ല രോഗവും അല്ലാഹു ഭൂമിയിൽ ഇറക്കിയിട്ടുണ്ടോ?'** (ഇമാം അഹ്മദും (28/227 No. 23156) ഇബ്നു അബീശൈബയും (5/31. No: 23414) സ്വഹീഹായ സനദോടെ ഉദ്ധരിച്ചത്).

ഈ നബിവചനത്തിൽനിന്ന് താഴെ പറയുന്ന കാര്യങ്ങൾ ഗ്രഹിക്കാം:

ഒന്ന്: രോഗികളെ സന്ദർശിക്കുന്നതിന്റെ പ്രാധാന്യം. ഇമാം മുസ്‌ലിം റിപ്പോർട്ട് ചെയ്ത ഒരു നബിവചനത്തിൽ ഇങ്ങനെ വന്നിട്ടുണ്ട്: ''ആരെങ്കിലും രോഗിയെ സന്ദർശിച്ചാൽ/പരിചരിച്ചാൽ അവൻ സ്വർഗത്തിന്റെ 'ഖുർഫതി'ൽ ആയിരിക്കും. ഒരാൾ ചോദിച്ചു: എന്താണ് 'സ്വർഗത്തിന്റെ ഖുർഫത്?' റസൂലിന്റെ മറുപടി: ''സ്വർഗത്തോപ്പിലെ ഫലങ്ങളാണ്.'' അതായത് രോഗിയോടൊപ്പം കഴിച്ചുകൂട്ടുന്ന സമയമൊക്കെ സ്വർഗീയ വിഭവങ്ങൾ സന്ദർശകൻ സമ്പാദിച്ചുകൊണ്ടിരിക്കുകയാവും. സ്വർഗത്തിലേക്കുള്ള വഴിയാണ് ഉദ്ദേശ്യം എന്ന മറ്റൊരു വ്യാഖ്യാനവുമുണ്ട്. അനസു ബ്നു മാലികിൽനിന്ന് നിവേദനം ചെയ്യപ്പെട്ട മറ്റൊരു നബിവചനം: 'ആരെങ്കിലും രോഗിയെ സന്ദർശിച്ചാൽ അവൻ കാരുണ്യത്തിലേക്ക് ഇറങ്ങി നിന്നിരിക്കുകയാണ്. രോഗിയുടെ അടുത്ത് ഇരുന്നാൽ കാരുണ്യം അയാളെ വന്നു മൂടുകയും ചെയ്യും.' അപ്പോൾ അനസു ബ്നു മാലിക് ചോദിച്ചു: 'ഇത് രോഗിയെ സന്ദർശിക്കുന്ന ആരോഗ്യവാന്റെ കാര്യം. രോഗിക്ക് എന്തു കിട്ടും?' നബി: 'അയാളുടെ/രോഗിയുടെ പാപങ്ങൾ കൊഴിഞ്ഞുവീഴും.'

രോഗത്തിന്റെ സ്വഭാവമനുസരിച്ചിരിക്കും രോഗിസന്ദർശനം. സന്ദർശകർക്ക് വിലക്കുണ്ടെങ്കിൽ സന്ദർശിക്കാൻ ധൃതിപ്പെടരുത്. എല്ലാം ഔചിത്യത്തോടെയായിരിക്കണം.

രണ്ട്: പ്രവാചകന്റെ വിനയം. നേതാവും ഭരണാധികാരിയുമൊക്കെ ആയിരുന്നപ്പോഴും അവിടുന്ന് രോഗിയായ സാധാരണക്കാരനെ സന്ദർശിക്കാൻ സമയം കണ്ടെത്തി.

മൂന്ന്: വിദഗ്ധനായ ഒരു വൈദ്യനെ സൂചിപ്പിച്ച് അയാളെത്തന്നെ വിളിക്കാൻ നബി നിർദേശം നൽകുകയായിരുന്നു. ഏറ്റവും വിദഗ്ധ ചികിത്സയാണ് ലഭ്യമാക്കേണ്ടത് എന്നർഥം.

നാല്: നബിയുടെ മറുപടി വളരെ കൃത്യവും യാതൊരു സംശയങ്ങൾക്കും ഇടനൽകാത്തതുമാണ്. ചികിത്സാസംബന്ധമായ സകല അന്ധവിശ്വാസങ്ങൾക്കും അവിവേകങ്ങൾക്കും അറുതിവരുത്തുന്നതുമാണ്.

അഞ്ച്: ചികിത്സക്ക് എല്ലാവിധ ഭൗതിക മാർഗങ്ങളും അവലംബിക്കണം. അതൊരിക്കലും 'അല്ലാഹുവിൽ തവക്കുൽ (ഭരമേൽപ്പിക്കുക) ചെയ്യുക' എന്ന ആശയത്തിന് എതിരാവുകയില്ല. ഇബ്നുൽ ഖയ്യിം തന്റെ *സാദുൽ മആദ്* (4/14) എന്ന കൃതിയിൽ എഴുതുന്നു: 'ചികിത്സിച്ചേ മതിയാവൂ എന്ന് സ്വഹീഹായ ഹദീസുകളിൽ വന്നിരിക്കുന്നു. ഇതൊരിക്കലും തവക്കുലിന് എതിരല്ല. വിശപ്പ്, ദാഹം, ചൂട്, തണുപ്പ് തുടങ്ങിയവയിൽനിന്ന് രക്ഷനേടാൻ ഭൗതിക സന്നാഹങ്ങളൊരുക്കുന്നതും അല്ലാഹുവിൽ ഭരമേൽപ്പിക്കുക എന്ന ആശയത്തിന് എതിരാവുകയില്ല. കാര്യകാരണങ്ങളാൽ സംഭവിക്കുക എന്നത് അല്ലാഹു നിശ്ചയിച്ച പ്രകൃതിനിയമമാണ്. അതനുസരിച്ച് പ്രവർത്തിക്കുക എന്നതാണ് തൗഹീദിന്റെ തേട്ടവും. ആ നിലക്ക് നോക്കുമ്പോൾ ചികിത്സിക്കാതിരിക്കുക എന്നതാണ് തവക്കുലിന് എതിരായിത്തീരുക. ചികിത്സയൊന്നും തേടാതിരിക്കുക എന്നതിനെ തവക്കുലിന്റെ ഉയർന്ന രൂപമായി കാണുന്ന വ്യക്തി പ്രവാചകന്റെ കൽപ്പന ധിക്കരിക്കുകയാണ് ചെയ്യുന്നത്. കാര്യകാരണങ്ങളെ മാറ്റിനിർത്തുന്നത് ഒരു ദൗർബല്യമാണ്. തന്റെ ദീനിലും ദുൻയാവിലും പ്രയോജനകരമായതെന്തോ അതിനു വേണ്ടി ഹൃദയത്തെ അല്ലാഹുവിൽ കേന്ദ്രീകരിച്ചു നിർത്തുക എന്ന തവക്കുലിന്റെ യാഥാർഥ്യവുമായി ഒത്തുപോകാൻ ഈ ദുർബലാവസ്ഥക്ക് കഴിയില്ല. കാരണങ്ങളില്ലാതെ കാര്യങ്ങൾ ഉണ്ടാകുന്നില്ല. അങ്ങനെത്തന്നെ അവയെ കൈകാര്യം ചെയ്യുകയും വേണം. അല്ലെങ്കിലത് ശർഇന്റെ യുക്തിക്ക് നിരക്കാത്തതായിത്തീരും. ഒരു യഥാർഥ ദാസൻ തന്റെ ദൗർബല്യത്തെ തവക്കുലായോ, തവക്കുലിനെ ദൗർബല്യമായോ കാണുകയില്ല.' ●